പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 5367 — 26.03.2018 ൽ മറുപടിയ്ക്ക്

# ഇ-ഗവേണൻസ് പദ്ധതി പ്രകാരം റവന്യൂ ഓഫീസുകളിലെ സർട്ടിഫിക്കറ്റ് വിതരണം

| ചോദ്യം<br>ശ്രീ. പി. ടി. തോമസ് | മറുപടി<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
|---|---|
| (എ) റവന്യൂ ഓഫീസുകളിൽ നിന്നും ഇ-ഗവേണൻസ് പദ്ധതി പ്രകാരം സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) റവന്യൂ ഓഫീസുകളിൽ നിന്നും ഇ-ഗവേണൻസ് പദ്ധതി പ്രകാരം സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിനായി ഇ-ഡിസ്ട്രിക്ട് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br>**ഇ-ഡിസ്ട്രിക്ട്**<br>വില്ലേജ്/താലൂക്ക് ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്കാവശ്യമുള്ള വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് ഇ-ഡിസ്ട്രിക്റ്റ് പദ്ധതി. സംസ്ഥാനത്തെ വില്ലേജ്/താലൂക്ക് ഓഫീസുകളിൽ നിന്നും നൽകിവരുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഈ പദ്ധതി മുഖേന വില്ലേജ് ഓഫീസറുടെ /തഹസിൽദാരുടെ ഡിജിറ്റൽ ഒപ്പോടുകൂടി ഓൺലൈനായി നൽകി വരുന്നു. |
| (ബി) ഏതെല്ലാം തരം സർട്ടിഫിക്കറ്റുകളാണ് ഇപ്രകാരം വിതരണം ചെയ്യുന്നതെന്ന് വെളിപ്പെടുത്തുമോ ; | (ബി) താഴെപ്പറയുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഇ — ഡിസ്ട്രിക്റ്റ് സംവിധാനം വഴി നൽകി വരുന്നു.<br>1. ജാതി സർട്ടിഫിക്കറ്റ്<br>2. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്<br>3. താമസക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റ്<br>4. ബന്ധുത്വ സർട്ടിഫിക്കറ്റ് |

5. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്
6. ഡൊമിസൈൽ സർട്ടിഫിക്കറ്റ്
7. വരുമാന സർട്ടിഫിക്കറ്റ്
8. കൈവശാവകാശ സർട്ടിഫിക്കറ്റ്
9. തിരിച്ചറിയൽ സർട്ടിഫിക്കറ്റ്
10. പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ്
11. സോൾവെൻസി സർട്ടിഫിക്കറ്റ്
12. ലോക്കേഷൻ സർട്ടിഫിക്കറ്റ്
13. കൺവെർഷൻ സർട്ടിഫിക്കറ്റ്
14. ഡിപ്പന്റൻസി സർട്ടിഫിക്കറ്റ്
15. അഗതി സർട്ടിഫിക്കറ്റ്
16. കുടുംബാംഗത്വ സർട്ടിഫിക്കറ്റ്
17. മിശ്ര വിവാഹ സർട്ടിഫിക്കറ്റ്
18. നോൺ റീ മാര്യേജ് സർട്ടിഫിക്കറ്റ്
19. ലൈഫ് സർട്ടിഫിക്കറ്റ്
20. വൺ ആന്റ് ദി സെയിം സർട്ടിഫിക്കറ്റ്
21. പൊസഷൻ ആന്റ് നോ അറ്റാച്ച് മെന്റ് സർട്ടിഫിക്കറ്റ്
22. വാല്വേഷൻ സർട്ടിഫിക്കറ്റ്
23. വിധവ/വിഭാര്യൻ സർട്ടിഫിക്കറ്റ്
24. മൈനോരിറ്റി സർട്ടിഫിക്കറ്റ്

**(സി)** ഇതിനായി ഭരണ തലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ?

**(സി)** ഇ-ഡിസ്ട്രിക്ട് പദ്ധതി ഐ.ടി.മിഷൻ മുഖാന്തിരമാണ് നടപ്പിലാക്കി വരുന്നത്. പദ്ധതി നടത്തിപ്പിനാവശ്യമായ ഹാർഡ് വെയർ, അനുബന്ധ ഉപകരണങ്ങൾ എന്നിവയും, സോഫ്റ്റ് വെയർ സപ്പോർട്ടും ഐ.ടി.മിഷൻ നൽകി വരുന്നു.

സെക്ഷൻ ഓഫീസർ